# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3632

## 23.08.2017 ലെ മറുപടിക്ക്

### ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ മാറ്റം

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം ഈ പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാതെപോയ സാഹചര്യത്തിൽ പ്രസ്തുത തുക മറ്റൊരു പ്രവൃത്തിയ്ക്കായി മാറ്റുവാൻ സാധിക്കുമോ; | 12.04.2016-ലെ സർക്കുലർ നം. 33/2016/ധന. പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 01.04.2016 ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പുന:പരിശോധിക്കുന്നത് പരിഗണനയിലില്ല. |
| (ബി) | 2014-15 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതും തുടർന്ന് സാങ്കേതികാനുമതി നൽകിയതുമായ ഒരു പ്രവൃത്തിയ്ക്കുപകരം അതേ തുകയ്ക്ക് മറ്റൊരു സ്ഥലത്ത് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകുമോ; | |
| (സി) | ഇത്തരത്തിൽ പുതുക്കിയ ഭരണാനുമതി നൽകിയില്ലെങ്കിൽ വകയിരുത്തിയ തുക നഷ്ടപ്പെടുന്ന കാര്യം പരിഗണിച്ച് നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുമോ? | |

സെക്ഷൻ ഓഫീസർ